# Joint Press Release of the 9th Round of India-China Military Commander-Level Meeting

January 25, 2021

---

## ഇന്ത്യ ചൈന സൈനിക കമാണ്ടർതല 9 മത് ഘട്ട ചർച്ചയുടെ സംയുക്ത പത്രക്കുറിപ്പ്

ജനുവരി 25, 2021

ചൈനീസ് ഭാഗത്തെ മോൾഡോ- ചുഷുൽ അതിർത്തി സമ്മേളന പോയിന്റിൽ വച്ച് ഇന്ത്യ ചൈന സൈനിക കമാണ്ടർതല 9 മത് ഘട്ട ചർച്ച നടന്നു.ഇന്ത്യൻ ചൈന അതിർത്തി മേഖലയുടെ പടിഞ്ഞാറൻ പ്രവിശ്യയിലെ യഥാർത്ഥനിയന്ത്രണ രേഖയിൽ നിന്നുള്ള സൈനിക പിന്മാറ്റത്തെക്കുറിച്ചുള്ള കാഴ്ചപ്പാടുകൾ ഇരു വിഭാഗങ്ങളും ഗഹനമായി തന്നെ ചർച്ച ചെയ്തു.

സമ്മേളനത്തിന്റെ ഈ ഘട്ടം അനുകൂലവും, പ്രായോഗികവും സമഗ്രവുമായിരുന്നുവെന്നും പരസ്പര വിശ്വാസവും ധാരണയും മെച്ചപ്പെടുത്തുന്നതായിരുന്നുവെന്നും ഇരു വിഭാഗങ്ങളും സമ്മതിച്ചു. മുൻനിര സൈന്യത്തെ എത്രയും പെട്ടന്ന് തന്നെ പിൻവലിക്കുന്നതിന് നിർബന്ധിക്കുമെന്നു ഇരു ഭാഗങ്ങളും ചർച്ച ചെയ്തു. രാജ്യത്തെ മേധാവികളുടെ പ്രധാന നിർണയങ്ങൾ പിന്തുടരുമെന്നും ചർച്ചകളിലും സംവാദങ്ങളിലും മികച്ച ആവേഗം നിലനിർത്തുമെന്നും കൂടാതെ സൈനിക പിന്മാറ്റത്തിനായി ഒരുമിച്ചു പ്രവർത്തിക്കുന്നതിന് 10 മത് ഘട്ട സൈനിക കമാൻഡർ തല സമ്മേളനം ഇരു വിഭാഗങ്ങളും സൗകര്യാപ്രദമായ നേരത്തെയുള്ള തീയതിയിൽ സംഘടിപ്പിക്കുമെന്നും അവർ സമ്മതിച്ചു.

മുൻനിര സൈനികരെ പിൻവലിക്കുന്നതിനും ഇന്ത്യ ചൈന അതിർത്തിയിലെ പടിഞ്ഞാറൻ പ്രവിശ്യയിൽ യഥാർത്ഥ നിയന്ത്രണ രേഖയിലെ സാഹചര്യങ്ങൾ സ്ഥിരപ്പെടുത്തുന്നതിനും നിയന്ത്രിക്കുന്നതിനും കൂടാതെ സംയുക്തമായി ശാന്തിയും സമാധാനവും നിലനിർത്തുന്നതിമുള്ള കാര്യക്ഷമമായ പരിശ്രമങ്ങൾ തുടരുന്നതിനു ഇരു വിഭാഗങ്ങളും സമ്മതിച്ചു.

**ന്യൂ ഡൽഹി**

**25 ജനുവരി, 2021**

**DISCLAIMER: This is an approximate translation. The original is available in English on MEA’s website and may be referred to as the official press release.**